മതിയാകൂ. ഇല്ലെങ്കിൽ വിശ്വാസ്യത നഷ്ടപ്പെടും. ആരും ഡെപ്പോസിറ്റ് നൽകുകയില്ല. അങ്ങിവിടെ പറഞ്ഞതുപോലെ ഇതിന്റെ സി. ഡി. റേഷ്യോയിലുള്ള അന്തരം കൂടി പരിഗണിച്ചുകൊണ്ട് ഇതിനൊരു പരിഹാരമായിട്ടുകൂടി വിദേശ മലയാളികളുടെ നിക്ഷേപം സ്വീകരിച്ചുകൊണ്ട് അവരുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി ഒരു മൾട്ടി പർപ്പസ് ബാങ്കായി, ബാങ്കിംഗ് റെഗുലേഷൻസ് ആക്ട് പൂർണ്ണമായും പാലിച്ചുകൊണ്ട്, രജിസ്റ്റർ ചെയ്യാനും അങ്ങനെയൊരു ബാങ്ക് കെട്ടിപ്പടുക്കാനും ഗവൺമെന്റ് മുൻകൈ എടുക്കുമോ?

ശ്രീ. എം. വി. രാഘവൻ: അതുതന്നെയാണ് പറഞ്ഞത് . മൾട്ടി പർപ്പസ് എന്നു പറഞ്ഞാൽ എന്തെല്ലാമാണെന്നും എന്തെല്ലാം ആവശ്യങ്ങൾക്കാണ് എന്നുമുള്ളതിനെപ്പറ്റി പിന്നെ ആലോചിക്കാം.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മുഖേനയുള്ള നിയമനങ്ങൾ

*2 [92] ശ്രീ. എം. എ. ചന്ദ്രശേഖരൻ:
,, ഇ. എം. അഗസ്തി:
,, കെ. പി. വിശ്വനാഥൻ:
,, പ്രയാർ ഗോപാലകൃഷ്ണൻ:
,, എൻ. ശക്തൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവീസിൽ നിയമനം നടത്തുന്നതിന് ഉദ്യോഗാർത്ഥികളെ ആവശ്യപ്പെട്ടുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്കയക്കുന്ന കത്തുകളോടൊപ്പം പ്രസ്തുത തസ്തികകളിലേക്ക് നിയമനത്തിന് പി.എസ്.സി.-യുടെ റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന സർട്ടിഫിക്കറ്റ് ഉള്ളടക്കം ചെയ്തിരിക്കണമെന്ന് വ്യവസ്ഥയുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥ പാലിക്കാത്ത വകുപ്പുകളിലേക്ക് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അധികൃതർ നിയമനത്തിനായി ലിസ്റ്റ് നൽകാറുണ്ടോ;

(സി) എങ്കിൽ ഈ പ്രവൃത്തി ക്രമാനുസൃതമാണോ;

(ഡി) ഇത്തരത്തിലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കാതെ നിയമനത്തിനുള്ള ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് നൽകരുതെന്ന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾക്ക് നിർദ്ദേശം നൽകുമോ എന്ന് വ്യക്തമാക്കുമോ?

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ): സർ,

(എ) ഉണ്ട്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ലിസ്റ്റ് നൽകാറില്ലാത്തതിനാൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഇത് സംബന്ധമായ സർക്കാർ ഉത്തരവും നിർദ്ദേശവും ഇപ്പോൾ തന്നെ നിലവിലുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: 45 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാരാണ് ഇന്നു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ളത്. മാത്രവുമല്ല 20-ഉം 25-ഉം വർഷക്കാലം കാത്തിരുന്നിട്ടും ഒരിക്കൽപ്പോലും ജോലിക്ക് വിളിക്കാത്ത ആളുകളും ഇതിലുണ്ട്. ഈ സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും പി.എസ്. സി. ലിസ്റ്റും നിലവിലുള്ളപ്പോൾ ഡെയ്ലി വേജസിലും കോൺട്രാക്ട് അടിസ്ഥാനത്തിലും പല നിയമനാധികാരികളും നിയമനം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതു നിയമ ലംഘനം മാത്രമല്ല റിസർവേഷൻ തത്വങ്ങളെപ്പോലും കാറ്റിൽ പറത്തുന്നതിനു തുല്യമാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇങ്ങനെയുള്ള ആളുകൾക്കെതിരായി പ്രോസിക്യൂഷൻ നടപടി കൈക്കൊണ്ടിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ 45 ലക്ഷം ചെറുപ്പക്കാർ ഇല്ലെങ്കിലും ഏറ്റവും അവസാനത്തെ കണക്കനുസരിച്ച് 39 ലക്ഷത്തോളം ചെറുപ്പക്കാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിതന്നെയാണ്. ഇപ്പോഴും ചില പൊതുമേഖലാസ്ഥാപനങ്ങളിലും സർക്കാർ വകുപ്പുകളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചു മുഖേനയല്ലാതെ നേരിട്ടുള്ള നിയമനങ്ങൾ നടക്കുന്നുണ്ട്. അത് Compulsory Notification of Vacancies Act അനുസരിച്ച് നിയമവിരുദ്ധവുമാണ്. അതിനു പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്.

ശ്രീ. എം. എ. ചന്ദ്രശേഖരൻ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്വഴിയുള്ള നിയമനങ്ങൾ ഒരു കൊയ്ത്തായി മാറുന്ന സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്. അത് തടയാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; അങ്ങനെ ആരെയെങ്കിലും ശിക്ഷിച്ചിട്ടുണ്ടോ?

ശ്രീ. ബാബു ദിവാകരൻ: ചോദ്യം മനസ്സിലായില്ല.

മി. സ്പീക്കർ: കൊയ്ത്ത് എന്നു പറഞ്ഞാൽ അഴിമതിയാണെന്ന് അർത്ഥം.

(മറുപടി പറഞ്ഞില്ല)

ശ്രീ. ഇ. എം. അഗസ്തി: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള 35 ലക്ഷം ആളുകൾ ഉണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയുകയുണ്ടായി. ഇവിടെ എത്ര പേർ രജിസ്റ്റർ ചെയ്താലും ലാസ്റ്റ് ഗ്രേഡ് നിയമനം മാത്രമാണ്

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടക്കുന്നത്. പി.എസ്. സി.യിൽ സംവരണം നിലനിൽക്കുന്നു, പി.എസ്. സി. വഴി നിയമനവും നടക്കുന്നു. അതേസമയം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പാരലൽ ആയി നിൽക്കുകയും ചെയ്യുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത 35 ലക്ഷം ആളുകളിൽ കുറച്ചു പേർക്ക് 20-ഉം 25-ഉം വർഷം കാത്തിരുന്നതിനുശേഷമാണ് ആറ് മാസത്തേക്കുള്ള ഒരു താൽക്കാലിക നിയമനം ലഭിക്കുന്നത്. ലാസ്റ്റ് ഗ്രേഡ് നിയമനമെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തി കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് ശരി തന്നെയാണ് ഇത്തരമൊരു സംവിധാനം നിലനിൽക്കുന്നതുകൊണ്ട് 39 ലക്ഷത്തോളം വരുന്ന ചെറുപ്പക്കാർ കാത്തിരുന്നാൽ അവർക്ക് ലഭിക്കുന്നത് താൽക്കാലിക നിയമനം മാത്രമാണ്. അതും പരമാവധി 180 ദിവസത്തേക്കുള്ള നിയമനം മാത്രമാണ് ലാസ്റ്റ് ഗ്രേഡിനു ലഭിക്കുന്നത്. ചില വകുപ്പുകളിൽ ഡ്രൈവർമാരുടെ തസ്തികകളിൽ മാത്രമാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്തുന്നത്. ഇക്കാര്യം വളരെ ഗൗരവമായി ആലോചിക്കേണ്ട വിഷയമാണ്. ഇക്കാര്യത്തിൽ പി.എസ്.സി. നടത്തുന്ന എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പ്രവർത്തിക്കുന്നത്. ലാസ്റ്റ് ഗ്രേഡ് നിയമനമെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നടത്തുക എന്നു പറയുന്ന നിർദ്ദേശം വളരെ സ്വാഗതാർഹമാണ്. അതു ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. ഇ. എം. അഗസ്തി: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനോദ്ദേശ്യം തൊഴിൽരഹിതർക്ക് തൊഴിൽ നൽകുകയും തൊഴിലവസരങ്ങളെ സംബന്ധിച്ച് തൊഴിൽ രഹിതരായ ആളുകൾക്ക് അറിവ് നൽകുകയുമാണ്. എംപ്ലോയ്മെന്റ് ഗൈഡൻസ് കൂടിയുണ്ടെന്നാണ് എന്റെ വിശ്വാസം. എംപ്ലോയ്മെന്റ് ഗൈഡൻസാണ് മുഖ്യ ഉദ്ദേശ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങിയ സമയത്ത് കേരളത്തിലേയും ഇന്ത്യയിലേയും തൊഴിലവസരങ്ങളെ സംബന്ധിച്ചുള്ള കാര്യങ്ങൾ അറിയാനാണ് ഇത് സഹായകമായത്. ഇൻഫർമേഷൻ ടെക്നോളജിയുടെ കാലത്ത് ലോകത്തിലെ വിവിധ രാജ്യങ്ങളിലുള്ള തൊഴിലവസരങ്ങളെ സംബന്ധിച്ച് ആളുകൾക്ക് വിവരം ലഭിക്കത്തക്ക നിലയിൽ, പേര് വിവരം സഹിതം ലഭിക്കത്തക്ക വിധത്തിൽ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മോഡണൈസ് ചെയ്യാനും പേര് രജിസ്റ്റർ ചെയ്ത് അനന്തമായി കാത്തിരിക്കുന്ന തൊഴിൽരഹിതർക്ക് പ്രയോജനം ലഭിക്കത്തക്കവിധത്തിൽ, ഒരു ഇൻഫർമേഷനെങ്കിലും ലഭിക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ: അതുതന്നെയാണ് ഈ ഗവൺമെന്റ് സ്വീകരിച്ചു വരുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ് ചെയ്യുവാനും ലഭ്യമായിട്ടുള്ള സ്കിൽഡ് ലേബറേഴ്സിന്റെ കംപ്ലീറ്റ് ഡേറ്റ ഒരു വെബ്സൈറ്റായി ഏതു ഉദ്യോഗാർത്ഥികളെ ആവശ്യമുള്ളവർക്കും ഉപയോഗിക്കത്തക്ക നിലയിൽ പ്രസിദ്ധീകരിക്കാനുമുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. രണ്ട് മൂന്ന് ജില്ലകളിൽ ഇപ്പോൾ തന്നെ സെലക്ടഡ് ആയിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു. പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ഇതിനകം തന്നെ കമ്പ്യൂട്ടറൈസ് ചെയ്തു കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തിൽ ഇതൊരു വെബ്സൈറ്റാക്കി രാജ്യത്തിന്റെ എതുഭാഗത്തും സ്കിൽഡ് ലേബറേഴ്സിനെ ആവശ്യമുള്ളവർക്ക് ലഭ്യമാകത്തക്ക നിലയിലുള്ള ഒരു സംവിധാനം ഒരുക്കാനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലൂടെ നിയമനം ലഭിച്ച വികലാംഗരായ ആളുകളെ സ്ഥിരമായി നിയമിക്കുമെന്ന് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്; ഹൈക്കോടതി വിധിയുമുണ്ട്. ഈ വ്യവസ്ഥകളൊക്കെ നിലനിന്നിട്ടും ഇപ്പോഴും ധാരാളം വികലാംഗരായ ആളുകൾ സ്ഥിരനിയമനവും പ്രതീക്ഷിച്ച് കാത്തിരിക്കുന്നുണ്ട്. ഗവൺമെന്റ് ഇക്കാര്യത്തിൽ എന്ത് നടപടിയെടുക്കാൻ ആഗ്രഹിക്കുന്നു എന്ന് വ്യക്തമാക്കാമോ?

ശ്രീ. ബാബു ദിവാകരൻ: എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി നിയമിച്ച വികലാംഗരെ മുഴുവൻ സ്ഥിരപ്പെടുത്തണമെന്ന ഒരു തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. ഒരു പ്രത്യേക കാലഘട്ടത്തിൽ, അതായത് സ്വാതന്ത്ര്യത്തിന്റെ 50-ാം വാർഷികമാഘോഷിക്കുന്ന വർഷത്തിൽ വികലാംഗർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി ജോലിയെടുത്തിരുന്ന സ്ഥലങ്ങളിൽ ഇവരെ സ്ഥിരപ്പെടുത്താൻ കഴിയണമെന്ന ഒരു തീരുമാനമായിരുന്നു ഉണ്ടായിരുന്നത്. മിക്കവാറും എല്ലാ ഡിപ്പാർട്ടുമെന്റുകളും പൊതുമേഖലാ സ്ഥാപനങ്ങളും ആ ഓർഡർ നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. പിന്നീട് സർവ്വീസിൽ വന്നിട്ടുള്ള വികലാംഗരേയും സ്ഥിരപ്പെടുത്തണമെന്നുള്ള ആവശ്യം ഉയർന്നു വന്നിട്ടുണ്ട്. നയപരമായ തീരുമാനമെടുക്കേണ്ട കാര്യമാണിത്.

ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ: നിലവിലുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഈ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഇന്റർനെറ്റ് സംവിധാനം കൂടിയുണ്ടാക്കുകയും തൊഴിൽദായകർക്കുവേണ്ടിയുള്ള ഒരു പ്രത്യേക സംവിധാനം ഒരുക്കുകയും ചെയ്യുന്നതിനു ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ.ബാബുദിവാകരൻ: ഇപ്പോൾ തന്നെ പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ മാൻലൈനാക്കാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷനും അഡ്രെസ്സുമെല്ലാം ഓൺലൈനിൽ ചെയ്യത്തക്ക വിധത്തിലുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

ശ്രീ. മത്തായി ചാക്കോ : സർ, 1974-ൽ പേര് രജിസ്റ്റർ ചെയ്തിട്ട് ഇതുവരേയും ജോലിക്ക് വിളിച്ചിട്ടില്ലാത്ത ഉദ്യോഗാർത്ഥികളുണ്ട്. കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് പ്രകാരം ഒരു സ്ഥാപനത്തിൽ ഒഴിവുണ്ടെങ്കിൽ അത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ അറിയിക്കുകയും അതുവഴി നിയമനം നടത്തണമെന്നുമാണ്. അത് ലംഘിച്ചുകൊണ്ട് നിയമനം നടത്തിയ സ്ഥാപനത്തിനെതിരെ നടപടി എടുത്തിട്ടുണ്ടോ; ഗവൺമെന്റ് സ്ഥാപനമായാലും കോർപ്പറേഷനുകളായാലും മറ്റേത് ആഫീസുകളിലായാലും ആ സ്ഥാപനങ്ങൾക്കു നേരെ എന്തെങ്കിലും നടപടി എടുത്തിട്ടുണ്ടോ? ഞാൻ ഒരു ഉദാഹരണം ചൂണ്ടിക്കാണിക്കാം. കേരളാ സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നൂറുകണക്കിനാളുകളെ അതാതു സ്ഥലത്തെ മാനേജർമാർ ഏതോ ചില ആളുകളുടെ സമ്മർദ്ദത്തിനോ പ്രേരണയ്ക്കോ വിധേയമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ മറികടന്നുകൊണ്ട് നിയമിച്ചിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ആയിരക്കണക്കിനാളുകളെ ഒഴിവാക്കിക്കൊണ്ട് ഇത്തരം നിയമനങ്ങൾ നടത്തിയതിന് ഈ ആക്ട് പ്രകാരം നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ : സർ, ഇത് പരിശോധിക്കുകയുണ്ടായി. ബിവറേജസ് കോർപ്പറേഷനിൽ ഇപ്പോൾ നേരിട്ടുള്ള നിയമനം നടത്തുന്നില്ല എന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലായത്. ഇപ്പോൾ അവിടെ മറ്റ് സ്ഥാപനങ്ങളിൽ നിന്ന് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിലാണ് നിയമനം നടത്തുന്നത്. കുറെ നിയമനങ്ങൾ നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽവന്നിട്ടുണ്ട്, അതിന് നടപടി സ്വീകരിച്ചുവരുന്നുണ്ട്.

ശ്രീ. കെ. സി. വേണുഗോപാൽ : സർ, ബഹുമാനപ്പെട്ട മത്തായി ചാക്കോ ഇവിടെ പറഞ്ഞതിന് മുൻകാല പ്രാബല്യം കൊടുത്താൽ മാർക്സിസ്റ്റ് പാർട്ടി നടത്തിയിരിക്കുന്ന എല്ലാ നിയമനങ്ങളും ഇതുപോലെയായിരുന്നുവെന്ന് മനസ്സിലാകും .....(ബഹളം) ..... സർ, ഇവർ ചൂടാകേണ്ട.....കഴിഞ്ഞ സഭയിൽ ഞാൻ ആഡിയോ വിഷ്വൽ ആന്റ് റിപ്രോഗ്രാഫിക് സെന്ററിലെ നിയമനത്തെ സംബന്ധിച്ച് ഒരുപാട് ഉന്നയിച്ചതാണ്. അവിടെ നിയമിച്ച ആളുകളുടെ പേര് ശ്രീ. മത്തായി ചാക്കോ എടുത്ത് നോക്കണം. ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ അതുകൂടി പറയണം. പി. എസ്. സി.-യുടെ പോലും ക്രെഡിബിലിറ്റി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ 1973-ൽ പേര് രജിസ്റ്റർ ചെയ്തവർക്കുപോലും ജോലി കിട്ടുന്നില്ല. 50 വയസ്സ്

LIBRARY ARCHIVES Kerala Legislative Assembly

കഴിയുമ്പോഴാണ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ജോലിക്ക് വിളിക്കുന്നത്. ഇതിനകത്തെ പ്രധാനപ്പെട്ട പ്രശ്നമെന്ന് പറയുന്നത് പല ഡിപ്പാർട്ടുമെന്റുകളും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളേയോ പി.എസ്.സി.-യേയോ ഡിപ്പെന്റ് ചെയ്യാതെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നു. അത് കഴിഞ്ഞ കാലത്തുമുണ്ട്, ഇക്കാലത്തുമുണ്ട്; എല്ലാ കാലത്തുമുണ്ടായിരുന്നു. തൊഴിൽ വകുപ്പിന്റെ ഫലപ്രദമായ ഇടപെടലിലൂടെ ഈ കാര്യത്തിൽ നിയമപരമായ ഒരു ഉറപ്പ് തരാൻ ഗവൺമെന്റ് തയ്യാറാകുമോ?

<u>ശ്രീ. ബാബു ദിവാകരൻ</u> സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ആളെവേണമെന്ന് ആവശ്യപ്പെട്ടാൽ മാത്രമേ അവർക്ക് അയയ്ക്കുവാൻ സാധിക്കുകയുള്ളു. 2001-2002-ൽ 12,414 പേർക്കാണ് ആകെ താല്കാലിക ജോലിക്ക് കാർഡ് അയയ്ക്കാൻ കഴിഞ്ഞത്. കഴിഞ്ഞ വർഷം 10,182 പേർക്കാണ് അയയ്ക്കാൻ കഴിഞ്ഞിട്ടുള്ളത്. ഇത് 180 ദിവസത്തേക്കുള്ള നിയമനമാണ്. താല്കാലിക നിയമനമെന്ന നിലയിൽ പലപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് എഴുതി കാത്തിരിക്കാതെ ചില സ്ഥാപനങ്ങളിൽ നിയമനങ്ങൾ നടക്കുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചില പൊതുമേഖലാ സ്ഥാപനങ്ങൾ കംപൽസറി നോട്ടിഫിക്കേഷൻ ഓഫ് വേക്കൻസീസ് ആക്ട് വയലേറ്റ് ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനെതിരെ ശക്തമായ നടപടിയെടുക്കും.

<u>ശ്രീ. ടി. കെ. ബഷീർ:</u> സർ, നിശ്ചിത സംഖ്യയിലധികം ജീവനക്കാരോ തൊഴിലാളികളോ പ്രവർത്തിക്കുന്ന സ്വകാര്യ സ്ഥാപനങ്ങളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടുത്തണമെന്നുള്ള വല്ല നിബന്ധനയും നിലവിലുണ്ടോ, എങ്കിൽ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ അത്തരത്തിലുള്ള സ്വകാര്യ സ്ഥാപനങ്ങൾ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനെ സമീപിച്ചിട്ടുണ്ടോ?

<u>ശ്രീ. ബാബു ദിവാകരൻ</u> : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് നിലവിൽ വരുമ്പോഴുണ്ടായിരുന്ന കീഴ്ചപ്പാട് പൊതുമേഖലാ സ്ഥാപനങ്ങളും അതുപോലെതന്നെ സ്വകാര്യ സംരംഭകരും ഇതിനെ ആശ്രയിക്കണമെന്നതായിരുന്നു. പക്ഷെ കീഴ്വഴക്കങ്ങളുടെ അടിസ്ഥാനത്തിൽ സ്വകാര്യ സംരംഭകർ ഇതിനെ ആശ്രയിക്കാറില്ലായിരുന്നു. പൊതുമേഖലാസ്ഥാപനങ്ങളും ഇതിനെ ആശ്രയിക്കണമോ വേണ്ടയോ എന്നതിനെക്കുറിച്ച് വൈരുദ്ധ്യങ്ങളായ വിധികൾ വന്നിട്ടുണ്ട്. അതിന്റെ വെളിച്ചത്തിൽ നമുക്ക് നിർബന്ധിപ്പിക്കാൻ കഴിയുന്നില്ല.

<u>ശ്രീ. അടൂർ പ്രകാശ്</u> : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴിയുള്ള നിയമനങ്ങളിൽ ഏറ്റവുംകൂടുതൽ ബുദ്ധിമുട്ടനുഭവിക്കുന്ന ഒരു പ്രദേശമാണ് എന്റെ നിയോജകമണ്ഡലമായ കോന്നി. മലയോര മേഖലയായ ഈ പ്രദേശത്തെ ചെറുപ്പക്കാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്യണമെങ്കിൽ രണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ ആശ്രയിക്കണം. ഏകദേശം 65 കിലോമീറ്ററോളം ദൂരം യാത്രചെയ്യേണ്ടതായിട്ടുണ്ട്. അതുകൊണ്ട് കോന്നി കേന്ദ്രീകരിച്ച് ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഈ വർഷമാരംഭിക്കുന്നതിന് ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ : സർ, കോന്നി ആസ്ഥാനമാക്കി ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കുന്നതിന് ഡിപ്പാർട്ടുമെന്റ് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇപ്പോൾ ഉള്ളവയിൽ നിന്നുതന്നെ തൊഴിൽ ലഭിക്കുന്നത് ഈ നിലയിലാണെങ്കിൽ പിന്നെ കൂടുതൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ ആരംഭിക്കേണ്ടതുണ്ടോ എന്നുള്ളത് ആലോചിക്കേണ്ട വിഷയമാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്ക് നിയമനം കിട്ടാത്തതിന്റെ മുഖ്യ കാരണം പിൻവാതിലിൽ കൂടിയുള്ള നിയമനങ്ങളാണ്. കെ.എസ്.എഫ്.ഇ.-യിൽ 1057 ആളുകളെ നിയമിച്ചതായി ഇവിടെ പറഞ്ഞിരിക്കുന്നു.. ടൂറിസം, ഹെൽത്ത് എന്നീ ഡിപ്പാർട്ടുമെന്റുകളിലൊക്കെ പിൻവാതിൽ നിയമനം നടത്തുകയാണ്. ഇതിന്റെ ഫലമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്കുപോലും നിയമനമില്ല. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്റ്റർ ചെയ്ത് 20 വർഷം കഴിഞ്ഞിട്ടും നിയമനം കിട്ടാത്ത കേസുകൾ പ്രത്യേകിച്ച് പരിശോധിക്കുവാൻ ഗവൺമെന്റ് തയ്യാറാകുമോ; അങ്ങനെയുള്ള കേസുകൾ പ്രത്യേകം പരിഗണിച്ച് പട്ടികവിഭാഗത്തിൽപ്പെട്ടവർക്ക് ഒരു പരിഗണന കൊടുത്ത് നിയമിക്കുന്നതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, പട്ടികവർഗ്ഗ വിഭാഗത്തിന് മാത്രമല്ല എല്ലാ വിഭാഗത്തിലുള്ളവർക്കും ഈ പറഞ്ഞ ഡിപ്പാർട്ടുമെന്റുകളിൽ താല്ക്കാലിക നിയമനം കിട്ടണമെന്നുള്ളത് നിയമത്തിലെ വ്യവസ്ഥയനുസരിച്ച് അവരുടെ അവകാശമാണ്. തീർച്ചയായിട്ടും ഇത് പരിശോധിക്കാം.

ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂട്ടാൻ പോകുന്നു എന്നുള്ള മന്ത്രിയുടെ പ്രസ്താവന കുറച്ച് നാളുകൾക്ക് മുൻപ് ഉണ്ടായിരുന്നു. അത് ഭയാശങ്കയോടുകൂടിയാണ് ജനങ്ങൾ കേട്ടത്. എന്നാൽ മന്ത്രി തന്നെ തിരുത്തി. പിന്നോക്ക സമുദായക്ഷേമ സമിതിയുടെ പ്രവർത്തനങ്ങളുമായി പത്ത് പതിനൊന്ന് ജില്ലകളിൽ പര്യടനം നടത്തി. അവിടെയെല്ലാം വന്നിട്ടുള്ള വ്യാപകമായ പരാതി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേർ രജിസ്റ്റർ ചെയ്ത് ഇരുപത്തിയഞ്ചും മുപ്പതും വർഷമായിട്ട് ഒരു പ്രാവശ്യം പോലും ജോലി കിട്ടിയിട്ടില്ല എന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

അവസാനമായി കോട്ടയത്ത് പോയപ്പോഴും ഇതേ പരാതിയുമായിട്ടാണ് ആൾക്കാർ വന്നത്. അതുകൊണ്ട് വിജിലൻസ് ഓഫീസുകളിൽ റെയ്ഡ് നടത്തുന്നതുപോലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളുടെ പ്രവർത്തനങ്ങളേയും വിജിലൻസ് അന്വേഷണത്തിന് വിധേയമാക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, ഞാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ പൂട്ടുമെന്നല്ല പറഞ്ഞത്. ഈ നിലയിൽ നിലനിർത്തുന്നതുകൊണ്ട് ഗുണമുണ്ടോയെന്ന് പരിശോധിക്കണം എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. പൂട്ടണമെന്ന് ഞാൻ പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ലക്ഷക്കണക്കിന് ഉദ്യോഗാർത്ഥികൾ പേര് രജിസ്റ്റർ ചെയ്ത് കാത്തിരിക്കുമ്പോൾ ഒരു വർഷം ആകെ ഉദ്യോഗം കൊടുക്കാൻ വേണ്ടി വരുന്ന റികമെന്റ് അല്ലെങ്കിൽ റിക്വസ്റ്റ് കഷ്ടിച്ച് മുന്നൂറോ അഞ്ഞൂറോ ആയിരിക്കും. എട്ട് ലക്ഷവും പത്ത് ലക്ഷവും ആൾക്കാരുള്ളിടത്തുനിന്ന് 300 പേർക്ക് ഒരു വർഷം കാർഡ് അയയ്ക്കുകയാണെങ്കിൽ ഇരുപത് വർഷവും ഇരുപത്തിയഞ്ച് വർഷവും കഴിഞ്ഞാലും കാർഡ് അയയ്ക്കാൻ പറ്റാത്ത ഒരു സ്ഥിതിയുണ്ട്. വസ്തുത അതാണ്. വളരെ കുറച്ചു നിയമനങ്ങൾ മാത്രമേ അതുവഴി നീക്കിവച്ചിട്ടുള്ളൂ. അതിൽത്തന്നെ വളരെ കുറച്ചു മാത്രമേ റിക്വസ്റ്റ് വരുന്നുള്ളൂ. അതുകൊണ്ടാണ് ഇത്രയും വർഷം കാർഡ് അയയ്ക്കാൻ പറ്റാത്ത സ്ഥിതി വരുന്നത്. അത് ഇവരുടെ കുറ്റംകൊണ്ടല്ല. അവർക്ക് കിട്ടുന്ന റിക്വസ്റ്റനുസരിച്ചേ അയയ്ക്കാൻ പറ്റുകയുള്ളൂ.

ശ്രീ. വി. കെ. സി. മമ്മത്കോയ: സർ, കോഴിക്കോട് സെയിൽസ് ടാക്സ് ഡിപ്പാർട്ടുമെന്റിൽ എംപ്ലോയ്മെന്റിൽ നിന്നും ആളെ ആവശ്യപ്പെടുമ്പോൾ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലില്ല എന്നുള്ള ഒരു സർട്ടിഫിക്കറ്റുകൂടി കൊടുക്കണം. പക്ഷെ അതില്ലാതെതന്നെ കോഴിക്കോട് മറ്റു ചില ഡിപ്പാർട്ടുമെന്റുകളിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ആളെ നിയമിക്കുന്നു. ഈ കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ ?

ശ്രീ. ബാബു ദിവാകരൻ: സർ, അതാണ് പ്രധാന ചോദ്യം. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് റിക്വസ്റ്റ് കൊടുക്കുമ്പോൾ പി.എസ്.സി. ലിസ്റ്റ് നിലവിലില്ല എന്നുള്ള സർട്ടിഫിക്കറ്റുകൂടി ആ ഉദ്യോഗസ്ഥൻ നൽകണമെന്നുള്ളതാണ്. സാധാരണ അങ്ങനെ നൽകാറുണ്ട്. എങ്കിലും ഏതെങ്കിലും കേസിൽ അങ്ങനെയല്ലാതെ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ അത് പരിശോധിക്കുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, സംസ്ഥാന ബജറ്റിൽ വലിയ സാമ്പത്തിക ബാദ്ധ്യത വരുത്തിവച്ചുകൊണ്ട് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പരിമിതമായ ജോലികൾ മാത്രമേ ചെയ്യുന്നുള്ളൂ. താൽക്കാലിക ജീവനക്കാരെ നിയമിക്കുക എന്നുള്ള പരിമിതമായ

LIBRARY ARCHIVES Kerala Legislative Assembly

ജോലിക്കു പുറമേ, ലോകം തന്നെ തൊഴിൽശാലയായിരിക്കുന്ന സാഹചര്യത്തിൽ തൊഴിലിനെക്കുറിച്ചുള്ള ഇൻഫർമേഷൻ കൊടുക്കുകയും അവർക്ക് ആവശ്യമായ പരിശീലനം കൊടുക്കുകയും ചെയ്യുന്ന വിശാലമായ കാഴ്ചപ്പാടോടുകൂടി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വികസിപ്പിക്കുമോ?

ശ്രീ. ബാബു ദിവാകരൻ : ഞങ്ങൾ ഇപ്പോൾ അതിനാണ് ശ്രമിച്ചുകൊണ്ടി രിക്കുന്നത്. ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റും എംപ്ലോയ്മെന്റ് ഡിപ്പാർട്ടുമെന്റും തമ്മിൽ കംബൈൻ ചെയ്തുകൊണ്ട് ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സ്കിൽഡ് തൊഴിലാളികളെ ആവശ്യമായിട്ടുള്ളത് എന്ന് അറിയിച്ചാൽ, ആവശ്യമായ ട്രെയിനിംഗ് കൊടുത്ത് ആളുകളെ എത്തിച്ചു കൊടുക്കാനുള്ള സംവിധാനത്തെക്കുറിച്ചാണ് ഞങ്ങൾ ആലോചിക്കുന്നത്.

ശ്രീ. ബിനോയ് വിശ്വം : സർ, ഇവിടെ സ്കിൽഡ് ലേബർ ഡേറ്റാ ചേർത്തുകൊണ്ട് ഒരു വെബ്സൈറ്റ് ഉണ്ടാക്കാൻ പോകുന്നു എന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അത് നല്ല കാര്യമാണ്. പൊതുമേഖലാ സ്ഥാപനങ്ങളും ഗവൺമെന്റും പിൻതാങ്ങുന്നു. പക്ഷേ സുപ്രീം കോടതി വിധി വന്നിരിക്കുന്നത് ഇതിന് ഒരു സാംഗ്റ്റിറ്റിയും വയ്ക്കില്ല എന്നാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്ത് 40 കൊല്ലം വരെ കാത്തിരിക്കുന്നവരുണ്ട്. മിനിമം 10 കൊല്ലമായിട്ട് കാത്തിരിക്കുന്നവർക്ക് ഒരിക്കലെങ്കിലും ഭാഗ്യം പരീക്ഷിക്കാൻ ഒരവസരം കൊടുക്കുമോ?

ശ്രീ. ബാബു ദിവാകരൻ : എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ആവശ്യപ്പെടുന്ന തസ്തികകളിലേക്കു മാത്രമേ നിയമനം കൊടുക്കാൻ കഴിയുകയുള്ളൂ. 40 വർഷമായി കാത്തിരിക്കുന്നവരുടെ കണക്ക് ഞാൻ നേരത്തേ പറഞ്ഞതാണ്. 8 ലക്ഷം അല്ലെങ്കിൽ 10 ലക്ഷം ഉദ്യോഗാർത്ഥികളുള്ള സ്ഥലത്ത് ഒരു വർഷം ഇരുനൂറോ മുന്നൂറോ ആളുകളെ ആവശ്യപ്പെട്ടാൽ എത്ര വർഷം എടുക്കുമെന്ന് കണക്കാക്കിയാൽ മതി. ഇപ്പോൾ 39 ലക്ഷം ഉദ്യോഗാർത്ഥികൾ ജോലിക്കുവേണ്ടി കാത്തു നിൽക്കുന്നു. ഓരോ വർഷവും 3 ലക്ഷം ഉദ്യോഗാർത്ഥികൾ കൂടി വരുകയാണ്. താൽക്കാലികമായെങ്കിലും നിയമനം കൊടുക്കാൻ കഴിയുന്നത് കഷ്ടിച്ച് ഒൻപതിനായിരമോ പതിനായിരമോ ആളുകൾക്കാണ്. അപ്പോൾ 5 വർഷം കൂടി കഴിയുമ്പോഴുള്ള സ്ഥിതി ഇതിനേക്കാൾ ഭയാനകമായിരിക്കും.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, ഇപ്പോൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ബോഗസ് ആയിട്ടുള്ള ഒരു ലിസ്റ്റാണ് ഇരിക്കുന്നത്. ഇപ്പോൾ 43 ലക്ഷത്തോളം ആളുകൾ പേര് രജിസിറ്റർ ചെയ്തിട്ടുണ്ടെന്ന് പറഞ്ഞാലും സ്വകാര്യ സ്ഥാപനങ്ങളിൽ പണിയെടുത്തുകൊണ്ടിരിക്കുന്ന ധാരാളം ആളുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആ ലിസ്റ്റ് ആനുകാലികമായി പരിഷ്ക്കരിക്കുന്നതിനുള്ള നടപടി ഇല്ല. ലോകത്തിന്റെ പല ഭാഗത്തു നിന്നും ജോലിക്ക് ആളുകളെ എടുക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സ്വകാര്യ എജൻസികളാണ് അത് മുഴുവനും എടുക്കുന്നത്. അതുകൊണ്ട് അതിൽ ധാരാളം തട്ടിപ്പും നടക്കുന്നുണ്ട്. അത് വരാതിരിക്കാൻ ലോകത്തിന്റെ പുതിയ വികസന സാദ്ധ്യത മനസ്സിലാക്കി അങ്ങനെയുള്ള തൊഴിലുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തവർക്കുകൂടി കിട്ടത്തക്ക വിധത്തിൽ വിപുലപ്പെടുത്തുന്നതിനുള്ള സാധ്യത ഗവൺമെന്റ് ആരായുമോ?

ശ്രീ. ബാബു ദിവാകരൻ: അതാണ് ഞാൻ നേരത്തേ പറഞ്ഞത് സ്വകാര്യ ഏജൻസികൾ ഇപ്പോൾ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഈ മേഖലയിലെ തൊഴിലവസരങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് മാറ്റാൻ കഴിയത്തക്ക നിലയിൽ ഇതിന് ആവശ്യമായ നവീകരണം നടത്താൻ ശ്രമിക്കുകയാണ്. വെബ്സൈറ്റിലൂടെ ലോകത്തിന്റെ ഏതു ഭാഗത്തുള്ളവർക്കും ആക്സെസ് ചെയ്യാൻ പറ്റുന്ന വിധത്തിൽ ഓൺലൈൻ ആക്കാനുള്ള ശ്രമമാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ: സർ, ബഹുമാനപ്പെട്ട വകുപ്പുമന്ത്രി തൊഴിലും പുനരധിവാസവുമാണ് കൈകാര്യം ചെയ്യുന്നത്. 2002-2003-ലെ എസ്റ്റിമേറ്റ് അപ്പന്റിക്സ്-1 സ്റ്റാഫിനെ സംബന്ധിച്ചുള്ള ഡീറ്റെൽഡായിട്ടുള്ള ആധികാരികമായ കണക്കാണ്. അത് ഈ സഭയിൽ വച്ചതാണ്. അതുപ്രകാരം 69,000 ഒഴിവുകളാണ് ഇപ്പോൾ ഉള്ളത്. ഗവൺമെന്റ് സ്റ്റാഫിന്റെ ഒഴിവുകളെപ്പറ്റിയാണ് പറയുന്നത്. അത് പ്രകാരം കേരളാ ഗവൺമെന്റിന്റെ ലാഭം 201 കോടി രൂപയാണ്. എന്നുപറഞ്ഞാൽ, 69,000 ഒഴിവുകൾ ഇപ്പോൾ കിടക്കുകയാണ്. അതോടൊപ്പം 11,568 തസ്തിക വെട്ടിച്ചുരുക്കുകയും ചെയ്തു. മൊത്തത്തിൽ 70,000 തസ്തിക കുറവ് വന്നു കഴിഞ്ഞാൽ അതിന്റെയർത്ഥം 7,000 പട്ടിക ജാതിക്കാരുടേയും 5,600 മുസ്ലീങ്ങളുടേയും തസ്തിക നഷ്ടപ്പെട്ടു എന്നാണ്. എന്നിട്ടാണ് സംവരണത്തെപ്പറ്റി പറയുന്നത്. ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്ന യാഥാർത്ഥ്യം മനസ്സിലാക്കിക്കൊണ്ട് ഇപ്പോൾ ഒഴിവുകൾ ഉള്ളത് ഇന്ന തീയതി വച്ച് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യും എന്ന് ബഹുമാനപ്പെട്ട വകുപ്പു മന്ത്രിക്ക് പറയാമോ?

ശ്രീ. ബാബു ദിവാകരൻ: ബഹുമാനപ്പെട്ട ബാലൻ ഉന്നയിച്ച കാര്യത്തിന് മറുപടി പറയാതിരിക്കുന്നത് ശരിയല്ലല്ലോ? ശ്രീ. ഇ. കെ. നായനാർ മുഖ്യമന്ത്രിയായിരുന്ന ഗവൺമെന്റിന്റെ കാലത്ത് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് കമ്മിറ്റിയുടെ പ്രധാനപ്പെട്ട ശുപാർശ, ഇപ്പോഴത്തെ സർക്കാർ സർവ്വീസിലെ ജീവനക്കാരുടെ എണ്ണം 1/3 ആയി കുറയ്ക്കണം എന്നാണ്. അത് അഡ്മിനിസ്ട്രേറ്റീവ് റീഫോംസ് കമ്മിറ്റിയുടെ ഏറ്റവും സുപ്രധാനമായ ശുപാർശയാണ്. ഇപ്പോൾ നടന്നു വരുന്നത് അതിന്റെ ബേയ്സിസ്സിലുള്ള നടപടികളാണ്. ബഹുമാനപ്പെട്ട അംഗം ഇത് ഉന്നയിച്ചതുകൊണ്ടുമാത്രം പറയുന്നതാണ്. പി.എസ്. സി. ലിസ്റ്റ് ഇല്ലെങ്കിൽ മാത്രമേ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നോട്ടിഫൈ ചെയ്യേണ്ടതുള്ളൂ; അങ്ങനെ നോട്ടിഫൈ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബി. ഗണേഷ് കുമാർ : സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞതിന്റെ ക്ലാരിഫിക്കേഷനുവേണ്ടി ചോദിക്കുകയാണ്. അങ്ങ് പറഞ്ഞത് വിദേശത്തോ അല്ലെങ്കിൽ ഏതെങ്കിലും വ്യക്തികളോ കമ്പനികളോ ആവശ്യമുള്ള സ്കിൽഡ് വർക്കേഴ്സിന്റെ കാര്യം അറിയിച്ചാൽ അവരെ തെരഞ്ഞെടുത്ത് ട്രെയിനിംഗ് കൊടുക്കും എന്നാണ്. അങ്ങനെ തെരഞ്ഞെടുത്തു കൊടുക്കാനുള്ള സാഹചര്യം ഇല്ല. കാരണം, കേരളത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഉണ്ടെന്നും ഇവിടെ തൊഴിൽരഹിതരായ ആളുകൾ ഉണ്ടെന്നും പറഞ്ഞ് വിദേശത്തുള്ള ഒരു കമ്പനി ജോലിക്ക് വിളിക്കുകയില്ല. അതുകൊണ്ട് അങ്ങനെയുള്ള സ്കിൽഡ് വർക്കേഴ്സ് ഏതൊക്കെയാണെന്ന് കണ്ടെത്തി അവർക്ക് ട്രെയിനിംഗ് കൊടുക്കാനും, ആ ട്രെയിനിംഗ് കൊടുക്കുന്നവരുടെ ലിസ്റ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാനും ഒരു മണിക്കൂർ സമയത്തെ ജോലി മാത്രമേ ഉള്ളൂ എന്ന് ഞാൻ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തകയാണ്. ഇത് ഒരു മഹാകാര്യമാണെന്ന് അങ്ങ് പറയുന്നതിനോട് എനിക്ക് യോജിക്കാൻ കഴിയുന്നില്ല. ഇതിന് പരിഹാരം കാണാൻ അങ്ങേക്ക് കഴിയുമോ?

ശ്രീ. ബാബു ദിവാകരൻ : സർ, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് കംപ്യൂട്ടറൈസ് ചെയ്താൽ മാത്രമേ ഇതിന് കഴിയുകയുള്ളൂ. 39 ലക്ഷം ആളുകളുടെ ഡേറ്റാ കറക്ടായിട്ട് കംപ്യൂട്ടറിൽ എന്റർ ചെയ്ത് അത് വെരിഫൈ ചെയ്യുന്ന ജോലിയാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അതിൽ തർക്കങ്ങളും വളരെ കൂടുതൽ പരാതികളും ഉണ്ടാകാൻ സാധ്യതയുള്ളതുകൊണ്ട് അതിന്റെ കറക്ടായിട്ടുള്ള ഒരു സോഫ്റ്റ്വെയർ ഡെവലപ്പ് ചെയ്യുന്നതിനുള്ള പണി ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. അങ്ങ് ചൂണ്ടിക്കാണിച്ച സ്കിൽഡ് ലേബറിന്റെ സാധ്യതകൾ മനസ്സിലാക്കിക്കൊണ്ട് പുതിയ 18 വൊക്കേഷണൽ ട്രെയിനിംഗ് കോഴ്സുകൾ ട്രെയിനിംഗ് ഡിപ്പാർട്ടുമെന്റിൽ ആരംഭിക്കാൻ പോവുകയാണ്. എല്ലാവർക്കും ഒരു ഫംഗ്ഷണൽ ലാംഗ്വേജ്, അത് ജർമ്മൻ ആണോ, ഫ്രഞ്ച് ആണോ ഇംഗ്ലീഷ് ആണോ എന്ന് സെലക്ട് ചെയ്യാനുള്ള അവസരം കൊടുക്കാൻ ഉദ്ദേശിക്കുകയാണ്. അതോടൊപ്പം തന്നെ ആ രാജ്യങ്ങളിലൊക്കെ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പ്രവണതകൾ എന്താണെന്ന് കണ്ടെത്തുകയാണ്. ആദ്യമായിട്ട് ഐ.റ്റി.ഐ. കളിൽ കാമ്പസ് സെലക്ഷൻ ഈ വർഷം നടത്തി. ഇതുവരെ കാമ്പസ് സെലക്ഷൻ എഞ്ചിനീയറിംഗ് കോളേജുകളിലാണ് നടന്നുകൊണ്ടിരുന്നത്. അതിന്റെ പശ്ചാത്തലത്തിലാണ് ഇപ്പോൾ ഷിപ്പ് ബിൽഡിംഗ് യാർഡുകൾക്ക് ആവശ്യമുള്ള വെൽഡേഴ്സ്, ഏറ്റവും ലേറ്റസ്റ്റ് പ്ലാസ്മാ വെൽഡിംഗിനുള്ള ആളുകളെ വേണം എന്നു പറയുന്നത്. അവർ പറയുന്നത് അവർ അതിനുള്ള ട്രെയിനിംഗ് കൊടുക്കാമെന്നാണ്. അതിനുള്ള സംവിധാനം ഇവിടെയില്ല. They are ready to provide the training facility. അങ്ങനെയുള്ള ശ്രമമാണ് ഞങ്ങൾ നടത്തിക്കൊണ്ടിരിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. മോഹൻകുമാർ: സർ, താൽക്കാലിക ജോലികൾക്കുപോലും മുൻപരിചയം വേണമെന്ന് അനുശാസിക്കുന്നത് സ്വാധീനശക്തിയില്ലാത്തവരുടെ അവസരം നഷ്ടപ്പെടുത്തുകയാണ്. അതിനാണ് പ്രൊബേഷൻ വച്ചിരിക്കുന്നത്. പ്രൊബേഷൻ കഴിഞ്ഞതിനുശേഷം സ്ഥിരപ്പെടുത്തുക എന്ന നിയമം നിലവിലിരിക്കുന്നത് മുൻപരിചയം ഇല്ലാത്തവരെക്കൂടി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടിയാണ്. താൽക്കാലിക ജോലിക്ക് മുൻപരിചയം വേണമെന്നുള്ള നിബന്ധന ഒഴിവാക്കണം, തിരുവനന്തപുരം നഗരത്തിലെ വലിയൊരു വിഭാഗം ആശ്രയിച്ചിരുന്ന ഉള്ളൂർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മറ്റൊരു സ്ഥലത്തേക്ക് മാറ്റുകയുണ്ടായി. കംപ്യൂട്ടറൈസേഷന്റെ ഘട്ടമായതുകൊണ്ട് ഒന്നുകിൽ പ്രവർത്തനപരിധി പുനർനിശ്ചയിച്ച് തിരുവനന്തപുരത്തുള്ള എക്സ്ചേഞ്ചിലേക്ക് ആ പ്രദേശത്തുള്ള ആളുകളെക്കൂടി മാറ്റുകയോ അതല്ലെങ്കിൽ ആ എക്സ്ചേഞ്ച് പുനഃസ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുമോ?

ശ്രീ. ബാബു ദിവാകരൻ: ആദ്യമായി നിയമനം കിട്ടുന്നവർക്ക് എക്സ്പീരിയൻസ് വേണം എന്ന നിബന്ധന വയ്ക്കുന്നത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് അല്ല. ഏത് ഉദ്യോഗസ്ഥരാണോ ആളെ ആവശ്യപ്പെടുന്നത് അവരുടെ നിബന്ധനയനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ഉള്ളൂരിൽ ഉണ്ടായിരുന്നത് ഒരു റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചാണ്. ഉള്ളൂർ ഇപ്പോൾ റൂറൽ അല്ല. അത് ഇപ്പോൾ കോർപ്പറേഷന്റെ ഭാഗമായി മാറി. അതുകൊണ്ടാണ് അത് കോർപ്പറേഷൻ അതിർത്തിയിൽ നിന്നും പുറത്തു കൊണ്ടുപോകേണ്ടി വന്നത്. അത് ഇപ്പോൾ റൂറൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചായതുകൊണ്ടാണ് ആ നടപടി സ്വീകരിച്ചത്.

ശ്രീ. കെ. പി. മോഹനൻ: സർ, കേരളത്തിലെ സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ പ്രൊഫഷണൽ തസ്തികകളിൽ പോലും പ്രൊഫഷണൽ അല്ലാത്ത ആളുകളെ പിൻവാതിലിലൂടെ നിയമിച്ചിട്ടുണ്ട്. അവരെയൊക്കെ മാറ്റിക്കൊണ്ട് ക്വാളിഫൈഡ് ആയിട്ടുള്ളവരെ ആ തസ്തികയിലേക്ക് എടുക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: എല്ലാ ഡിപ്പാർട്ടുമെന്റുകൾക്കും റിക്രൂട്ട്മെന്റ് റൂൾസ് ഉണ്ട്. അതനുസരിച്ച് മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. ക്വാളിഫിക്കേഷൻ അനുസരിച്ച് മാത്രമേ നിയമനം പാടുള്ളൂ. അതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അല്ല നടപടി എടുക്കേണ്ടത്. ആർക്കും അതിനെക്കുറിച്ച് പരാതി ഉന്നയിക്കാനും നടപടി സ്വീകരിക്കാനും കഴിയില്ല.

ശ്രീ. കളത്തിൽ അബ്ദുള്ള: സർ, അകാരണമായി അനുദിനം വികസനത്തിന്റെ പുറംപോക്കിലേക്ക് തള്ളപ്പെടുന്ന ഒരു വിഭാഗമാണ് നമ്മുടെ വിവാഹമോചിതരായ അമ്മമാരും, അകാരണമായി അപകടങ്ങളിൽ കൊല്ലപ്പെടുന്നവരുടെ ഭാര്യമാരും. ഈ അമ്മമാർക്കും ഭാര്യമാർക്കും എംപ്ലോയ്മെന്റ് നിയമനങ്ങളിൽ മുൻഗണന നൽകുവാൻ വല്ല നടപടികളും സ്വീകരിക്കുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, എംപ്ലോയ്മെന്റ് നിയമനങ്ങളിൽ വിധവകൾക്ക് പ്രത്യേക പരിഗണനയുണ്ട്; പ്രത്യേക കാറ്റഗറി ഉണ്ട്. അതനുസരിച്ച് പൊതുലിസ്റ്റിൽ വരുന്നതിൽ മുൻഗണന നൽകുന്നു.

ശ്രീ. രാജു എബ്രഹാം: ഇന്ന് ധനകാര്യവകുപ്പുമന്ത്രി രേഖാമൂലം നൽകിയ മറുപടിയിൽ 1057 പേരെ പിൻവാതിലിലൂടെ നിയമിച്ചിരിക്കുന്നു എന്ന് പറഞ്ഞിരിക്കുകയാണ്. ഇത് സർക്കാർ സർക്കുലറാണ്. ഈ സർക്കുലർ പ്രകാരം ഇങ്ങനെ നിയമനം നടത്തുന്ന ആളുകൾക്കെതിരെ നടപടിയെടുക്കാൻ വകുപ്പുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടിയെടുക്കാൻ അങ്ങ് തയ്യാറാകുമോ?

ശ്രീ. ബാബു ദിവാകരൻ: സർ, വ്യക്തമായ പരാതി കിട്ടിയാൽ പരിശോധിക്കാം.

ശ്രീമതി രാധാരാഘവൻ: സർ, എന്റെ നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് അനുവദിച്ച എഞ്ചിനീയറിംഗ് കോളേജിൽ നിന്ന് ഫസ്റ്റ് ബാച്ചുകാർ ജൂണിൽ ഇറങ്ങി, അവർക്ക് ഇതുവരെയായിട്ട് അംഗീകാരം കിട്ടിയിട്ടില്ല. ആറ് ബാച്ചുകാരെ കൂടി മാനന്തവാടിയിൽ നിന്ന് മാറ്റി വേറെ കോളേജിലേക്ക് അഡ്മിഷൻ കൊടുക്കേണ്ടതാണ്.

മി. സ്പീക്കർ: ചോദ്യം റിസർവേഷനാണ്.

ശ്രീ. ബാബു ദിവാകരൻ: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ മണ്ഡലത്തിലുള്ള എഞ്ചിനീയറിംഗ് കോളേജിന്റെ ഇപ്പോഴത്തെ സ്ഥിതി വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായി ചർച്ചചെയ്ത് എത്രയും പെട്ടെന്ന് നടപടികൾ സ്വീകരിക്കുന്നതാണ്.

ഇ-ഗവേണൻസ് ഏർപ്പെടുത്താൻ നടപടി

*3 [93] ശ്രീ. കെ. എ. ചന്ദ്രൻ:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, ഡി. സുഗതൻ:

താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസ് ഏർപ്പെടുത്തുവാൻ ഉദ്ദേശ്യമുണ്ടോ?

(ബി) എങ്കിൽ ആ ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന് ഇതുവരെ എന്തെല്ലാം നടപടികളെടുത്തു;

(സി) ഇ-ഗവേണൻസ് ഏർപ്പെടുത്തുന്നതുമൂലം സാമ്പത്തിക ലാഭം ഉണ്ടാകുമോ;

(ഡി) എങ്കിൽ വിശദാംശം നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly